(ഇ) 1. പോപ്പർമിൽ കമ്പനിയുടെ ഡയറക്ടർബോർഡിൽ ഒരു ഗവണ്മെൻറ പ്രതിനിധിയുണ്ട്. 2. ഗവണ്മെൻറ കമ്പനിയുടെ കണക്കു കൾ പരിശോധിക്കുകയും ആഡിറ്റുചെയ്യുകയും ചെയ്യുന്നു.

(എഫ്) കമ്പനിക്കു കിട്ടുന്ന ആദായം മാഹരിക്കാക്കു് വീതിച്ചു കൊടുക്കുന്നു.

ശ്രീ. പി. ഗോപാലൻ : 1953–ൽ ലാഭം കുറവു വരാൻ കാരണമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ കാരണം ഇപ്പോൾ പറയാൻ സാധ്യമല്ല. അന്വേഷിച്ചു പറയാൻ ഒക്കുകയുള്ളൂ.

ശ്രീ. പി. ഗോപാലൻ : വിദേശകമ്പനികളുടെ വിഹിതം വിദേശങ്ങളിൽ കൊടുത്തുകൊണ്ടുപോകുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇൻഡ്യാ ഗവണ്മെൻറിന്റെ എക്സ്ചേഞ്ചു് റഗുലേഷൻ അനുസരിച്ചേ സാധിക്കയുള്ളൂ. അതു് എനിക്കറിഞ്ഞു കൂടാ.

ശ്രീ. പി. ഗോപാലൻ : ആ വിഹിതം ഇവിടെത്തന്നെ ഏതെങ്കിലും രീതിൽ വിനിയോഗിക്കുന്നതിനു് പ്രേരണ ചെലുത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പ്രേരണ ചെലുത്തിയിട്ടുണ്ടെന്നു് പറയാൻ വയ്യ. ഇതു് നാഷണൽ പോളിസിയെ സംബന്ധിക്കുന്നതാണു്. നമ്മുടെ രാജ്യത്തു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കമ്പനികളുടെ ആദായം അവരുടെ സ്വദേശത്തേയ്ക്കു് കൊണ്ടുപോകാൻ പാടുണ്ടോ, അതുപോലെയുള്ള സംഖ്യ നമ്മുടെ രാജ്യത്തിനു് അവശ്യം ആവശ്യമായ ഇറക്കുമതി സാധനങ്ങൾ വാങ്ങാൻ വിനിയോഗിക്കണമോ, മുഴുവൻ വിഹിതവും ഇവിടെത്തന്നെ നിക്ഷേപിക്കണമോ എന്നെല്ലാമുള്ള കാര്യം ഇൻഡ്യാഗവണ്മെൻറിന്റെ പോളിസിസംബന്ധമായ കാര്യങ്ങളാണു്. അതിൽ ഈ ഗവണ്മെൻറിനു് ഒന്നും ചെയ്യാൻ കഴിയുകയില്ല.

ശ്രീ. പി. ഗോപാലൻ : ഈ ഗവണ്മെൻറിന്റെ അഭിപ്രായം കേന്ദ്രഗവണ്മെൻറിനെ അറിയിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഗവണ്മെൻറിന്റെ അഭിപ്രായമെന്നു മുഴുവൻ ശരിയായി എന്നു വരികയില്ല. ഈ രാജ്യത്തു പ്രവർത്തിക്കുന്ന വ്യവസായങ്ങളും ഈ രാജ്യത്തിന്റെ ക്ഷേമത്തിനും സമൃദ്ധിക്കുംവേണ്ടി ഉപയോഗപ്പെടണമെന്നാണു് ആഗ്രഹിക്കുന്നതു്.

കമ്മ്യൂണിറ്റി പ്രോജക്ടുകൾ.

* 579. [33] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സ്റ്റേറ്റിലുള്ള കമ്മ്യൂണിറ്റി പ്രോജക്ടുകൾ മുഖേന ഓരോന്നിന്റെയും വിസ്തീർണ്ണം എത്ര ;

(ബി) കന്നത്തുനാടു്–ചാലക്കുടി കമ്മ്യൂണിറ്റിപ്രോജക്ടിന്റെ ഏരിയായിൽ മുകുന്ദപുരം താലൂക്കു് മുഴുവൻ ഉൾപ്പെടുത്തുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എന്നുമുതൽ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1. നെയ്യാറിൻകര—വിളവംകോട് കമ്മ്യൂണിറ്റി പ്രാജക്റ്റ് 400 ചതുരശ്രമൈൽ.

2. കന്നുത്തുനാട്—ചാലക്കുടി. 485 ചതുരശ്രമൈൽ.

(ബി)–(സി) കമ്മ്യൂണിറ്റി പ്രാജക്റ്റുകളുടെ നിർദ്ദിഷ്ട കാലാവധിക്കുശേഷം പ്രാജക്റ്റുപ്രദേശങ്ങളെ എൻ. ഇ. എസ്. ബ്ലാക്കുകളായി തിരിച്ചു് ഓരോന്നിലും പ്രത്യേകം പ്രവർത്തനം തുടർന്നുകൊണ്ടുപോകണമെന്നാണു് ഇൻഡ്യാഗവണ്മെൻറിന്റെ നിർദ്ദേശം. ഇപ്പോൾ അനുവദിച്ചിരിക്കുന്ന കമ്മ്യൂണിറ്റി പ്രാജക്റ്റുകളുടെ കാലാവധി 1956 സെപ്തംബർ കൊണ്ടു് അവസാനിക്കുന്നതാണു്. അതിനുശേഷം പ്രാജക്റ്റുകൾ എൻ. ഇ. എസ്. ബ്ലോക്കുകളാക്കേണ്ടതുകൊണ്ടു് ഈയവസരത്തിൽ പ്രാജക്റ്റിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതു യുക്തമാണെന്നു കരുതുന്നില്ല. തന്നെയുമല്ല, പ്രാജക്റ്റുപ്രദേശം കൂടി എൻ. ഇ. എസ്. ബ്ലാക്കുകളായി തിരിക്കുന്നതിനു് ആലോചിച്ചുവരികയാണു്.

സ്റ്റേറ്റുമുഴുവൻ എൻ. ഇ. എസ് ബ്ലാക്കുകളായി പരിധി നിർണ്ണയം ചെയ്തുകഴിഞ്ഞിരിക്കുന്നതുകൊണ്ടു് മുകന്ദപുരം താലൂക്കിനും കിട്ടേണ്ട ബ്ലാക്കുകൾ കിട്ടുകതന്നെ ചെയ്യും.

ശ്രീ. എൻ. ജി. ചാക്കോ: ഒരു കമ്മ്യൂണിറ്റി പ്രാജക്റ്റിന്റെ ഏറിയ എത്ര എൻ. ഇ. എസ്. ബ്ലാക്കുകളുടെ ഏറിയായാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു എൻ. ഇ. എസ്. ബ്ലാക്കു് ഇരുപതിനായിരം ജനങ്ങൾ അധിവസിക്കുന്ന പ്രദേശമാണെന്നു നിശ്ചയിച്ചിട്ടുണ്ടു്. ആ തോതനുസരിച്ചു് നമ്മുടെ ഇന്നത്തെ കമ്മ്യൂണിറ്റിപ്രാജക്റ്റുകൾ രണ്ടും ഏതാണ്ടു് എൻ. ഇ. എസ്. ബ്ലാക്കുകളായി തീരുക്കും.

SHORT NOTICE QUESTIONS & ANSWERS

Palace Garden at Cape Comorin.

*(3) (2) SHRI P. THANULINGOM NADAR: Will the Home Minister be pleased to state:

(*a*) To whom does the palace garden at Cape Comorin belong;

(*b*) Is not the P. W. D. in possession of it;

(*c*) Is the Devaswom Department forcibly constructing a stone wall around the Cape Palace Garden with the active assistance of the State Police;

(*d*) Is it a fact that if it is completed, the fisherfolk living there will be put to great difficulties for want of space to spread their nets and put their catamarans for which purpose they are using it from time immemorial;

LIBRARY ARCHIVES Kerala Legislative Assembly